367/est/19

**ഭരണഭാഷ - മാതൃഭാഷ**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ3-10718/2018/സിഇ/തസ്വഭവ** **തീയതി. 04.01.2019**

# സർക്കുലർ

വിഷയം : 2018 - കാലവർഷക്കെടുതികൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ - പുനർനിർമ്മിക്കുന്നത് - പ്രവൃത്തികളുടെ പട്ടികയിൽ അധിക വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ 11.09.2018-ലെ ഇതേ നമ്പർ സർക്കുലർ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം മേൽ വിഷയം സംബന്ധിച്ച് റോഡ്, കലുങ്ക്, പാലം, പൊതുകെട്ടിടങ്ങൾ, റോഡിന്റെ സംരക്ഷണഭിത്തികൾ എന്നിവ പലയിടങ്ങളിലും തകർന്നിട്ടുള്ളതും, ടി കേടുപാടുകൾ പരിഹരിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും ആയി കാറ്റഗറി തരം തിരിച്ച് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / പഞ്ചായത്ത് അടിസ്ഥാനത്തിൽ തിരിച്ച് ഈ കാര്യാലയത്തിൽ പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാകുന്നു. ടി പട്ടിക ക്രോഡീകരിച്ച് കണക്കുകൾ തയ്യാറാക്കി സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. ഇപ്പോൾ, ടി പട്ടികയിൽ ഓരോ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, നിയമസഭാ നിയോജക മണ്ഡലം തിരിച്ച് പുനർ സമർപ്പിക്കുന്നതിന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് നൽകിയ പട്ടിക Google Sheet P-1037 -ൽ തയ്യാറാക്കിയിട്ടുണ്ട്. ഈ Google Sheet - ൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിയോജക മണ്ഡലത്തിന്റെ പേര് രേഖപ്പെടുത്തേണ്ടതും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകളുടെ നിയമസഭാ നിയോജക മണ്ഡലം, ബ്ലോക്ക് പഞ്ചായത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞവ കൂടാതെ, പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രവൃത്തികളുടെ പേര് വിവരങ്ങൾ പട്ടികയിൽ ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. മേൽ ഖണ്ഡികയിൽ പറഞ്ഞത് പ്രകാരം Google Sheet - ൽ ബ്ലോക്ക്, നിയോജക മണ്ഡല അടിസ്ഥാനത്തിൽ തയ്യാറാക്കി നൽകുന്നതിനോടൊപ്പം ടി പോരായ്മ കൂടി പരിഹരിച്ച് Google Sheet - ൽ Highlight ചെയ്തിരിക്കുന്നയിടങ്ങളിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

ടി Google Sheet - ൽ ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകളിലെ വിവരങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ജില്ലകളിലേത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളുടേത് അതാത് ഉത്തര / ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനുകളുടേത് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും 07.01.2019-ന് 3 മണിയ്ക്ക് മുൻപായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

P 29